# entri

## Current affairs 24 Jan 2026

### ദേശീയ ബാലികാ ദിനം

ജനുവരി 24

- 2008 മുതലാണ് ബാലികാ ദിനം ആചരിക്കാൻ തുടങ്ങിയത്.
- പെൺകുട്ടികൾ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിനും പെൺകുട്ടികളുടെ അവകാശങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയെ കുറച്ച് അവബോധം സൃഷ്ടിക്കുന്നതിനും ഈ ദിനം ലക്ഷ്യമിടുന്നു.

---

### 27 വർഷത്തെ സേവനത്തിന് ശേഷം അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസയിൽ നിന്ന് വിരമിച്ച ഇന്ത്യൻ വംശജയായ ബഹിരാകാശ യാത്രിക

സുനിത വില്യംസ്

- മൂന്ന് തവണയായി രാജ്യാന്തര ബഹിരാകാശ നിലയത്തിലേക്ക് (ISS) യാത്ര നടത്തിയ സുനിത, ബഹിരാകാശത്ത് ഏറ്റവുമധികം സമയം (608 ദിവസം) ചെലവഴിച്ച രണ്ടാമത്തെ നാസ സഞ്ചാരി എന്ന റെക്കോർഡും സ്വന്തമാക്കി.
- 2006ലായിരുന്നു സുനിത വില്യംസിന്റെ ആദ്യ ഐഎസ്എസ് യാത്ര.
- 2024ൽ എട്ടു ദിവസത്തെ ദൗത്യത്തിനായി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് പോയ സുനിത വില്യംസും ബുച്ച് വിൽമോറും ബോയിങ് സ്റ്റാർലൈനർ പേടകത്തിന്റെ തകരാറുകൾ മൂലം ഒമ്പതു മാസത്തിലധികം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ചെലവിടേണ്ടതായി വന്നു.
- 9 തവണയായി 62 മണിക്കൂറും 6 മിനിറ്റും ബഹിരാകാശ നടത്തം (Spacewalk) പൂർത്തിയാക്കി. ഏറ്റവും കൂടുതൽ സമയം സ്പേസ് വാക്ക് നടത്തിയ വനിത എന്ന റെക്കോർഡ് സുനിതയുടെ പേരിലാണ്.
- ബഹിരാകാശത്ത് വെച്ച് മാരത്തൺ ഓടിയ ആദ്യ വ്യക്തിയാണ് സുനിത വില്യംസ്.

---

### ഭാരതീയ ജനതാ പാർട്ടിയുടെ ദേശീയ പ്രസിഡന്റായി നിയമിതനായത്

നിതിൻ നബിൻ





സുനിത വില്യംസ്




നിതിൻ നബിൻ

4.8 ★ Download the app now | Learn in Malayalam